AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 108/2019 05-08-2019

# തേനൂറും വിഭവങ്ങളുമായി ഹോർട്ടികോർപ്പ്

ഇഞ്ചി, വെളുത്തുള്ളി, കാന്താരിമുളക്, ചക്കപ്പഴം, പൈനാപ്പിൾ എന്നിവയ്ക്ക് ഇനി തേനിന്റെ മധുരം. ഹോർട്ടികോർപ്പിന്റെ വിപണിയിൽ ഇനി ഇത്തരം ഉത്പന്നങ്ങൾ തേനിൽ സംസ്കരിച്ച് പായ്ക്ക് ചെയ്യപ്പെട്ട രീതിയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. ഇത്തരം തേനധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം ഇന്ന് തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിൽ വച്ച് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിക്കുകയുണ്ടായി.

സംസ്ഥാനത്തെ തേനീച്ച കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചതേൻ ഹോർട്ടികോർപ്പ് നിലവിൽ സംഭരിച്ചു വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഏകദേശം 35 മെട്രിക് ടൺ തേൻ ഇതിനകം ഹോർട്ടികോർപ്പ് സംഭരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരിച്ച തേൻ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന ഹണി പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് 'അമൃത് ഹണി' എന്ന പേരിൽ വിപണിയിൽ ലഭ്യമാക്കുന്നു. ഇതിനു പുറമേ നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, പൈനാപ്പിൾ, ഞാവൽ, പാഷൻഫ്രൂട്ട്, മുട്ടിപ്പഴം എന്നിവ തേനിൽ സംസ്കരിച്ച് തയ്യാറാക്കിയ മൂല്യ വർദ്ധിത തേൻ ഉത്പന്നങ്ങൾ വിപണിയിൽ ഇനി മുതൽ ലഭ്യമാകും. ഇതു കൂടാതെ ഇഞ്ചി തേൻ, വെളുത്തുള്ളി തേൻ, കാന്താരി തേൻ എന്നിവയും ഹോർട്ടികോർപ്പ് വിപണിയിൽ ഇറക്കിയിട്ടുണ്ട്.

പഴം പച്ചക്കറി സംഭരണ വിതരണ രംഗത്ത് ഉത്പാദനകരെയും ഉപഭോക്താക്കളെയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ്

സംസ്ഥാനത്ത് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട സംസ്ഥാന നോഡൽ ഏജൻസി കൂടിയാണ്. തേനീച്ച വളർത്തലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതും നടപ്പിലാക്കുന്നതും ആലപ്പുഴ ജില്ലയിലെ മാവേലിക്കര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തേനീച്ച വളർത്തൽ പരിശീലന കേന്ദ്രമാണ്. ഈ കേന്ദ്രത്തിൽ ആധുനിക രീതിയിൽ തേൻ സംസ്കരിക്കാൻ കഴിയുന്ന തേൻ സംസ്ക്കരണ യൂണിറ്റും തേൻ പാക്കിംഗ് യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന തേനീച്ച വളർത്തൽ നോഡൽ ഏജൻസിയായ ഹോർട്ടികോർപ്പ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴിയുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. തേൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തേനീച്ച കർഷകർക്ക് വിവിധ പരിശീലന പരിപാടികൾ വർഷം തോറും സംഘടിപ്പിക്കാറുണ്ട്. തേൻകൃഷി വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പ്രചരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ഉദ്ഘാടന ചടങ്ങിൽ കൃഷിവകുപ്പ് ഡയറക്ടർ ഡോ. രത്തൻ യു ഖേൽക്കർ ഐ.എ.എസ്, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ സജീവ്, ഹോർട്ടികോർപ്പ് ബിസിനസ് ഡെവലപ്പ്മെന്റ് മാനേജർ ഷാജി, റീജിയണൽ മാനേജർമാരായ സുനിൽ, അനിത എന്നിവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**